**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല – പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പൊതുശ്മശാനത്തിന്റെ ഉദ്ഘാടനം - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 509/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 05/03/2019

പരാമർശം:-
1. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ 30/11/2018 ന് നടന്ന സാധാരണ മീറ്റിംഗിലെ 23(1) നമ്പർ തീരുമാനം.
2. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.12.2018 ലെ എ 3-101/18 നമ്പർ കത്ത്.
3. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2019 ലെ എ 3-10/2019 നമ്പർ കത്ത്.

**ഉത്തരവ്**

പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ വാർഡ് 10 കാനാറായിൽ, ബ്ലോക്ക് പഞ്ചായത്ത് ആഭിമുഖ്യത്തിൽ നടത്തുന്ന പഴയകുന്നുമ്മേൽ പൊതുശ്മശാനത്തിന്റെ ഉദ്ഘാടനകർമ്മം 7/12/2018 ന് കാനാറായിൽ വച്ച് നടത്തപ്പെടുന്ന പൊതുയോഗത്തിൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർവ്വഹിക്കുമെന്നും ആയതിന്റെ ഉദ്ഘാടന ചെലവിലേക്കായി 50,000/- (അൻപതിനായിരം രൂപ) തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നതിന് അനുമതി നൽകണമെന്നും പരാമർശം 2 പ്രകാരം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി. യഥാർത്ഥ ചെലവ് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടതിൻ പ്രകാരം 46,050/- (നാൽപ്പത്തി ആറായിരത്തി അൻപത് രൂപ) ചെലവായതായി പരാമർശം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റിപ്പോർട്ട് നൽകുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ വാർഡ് 10 കാനാറായിൽ, ബ്ലോക്ക് പഞ്ചായത്ത് ആഭിമുഖ്യത്തിൽ നടന്ന പൊതുശ്മശാനത്തിന്റെ ഉദ്ഘാടന ചെലവിനത്തിൽ 46,050/- (നാൽപ്പത്തി ആറായിരത്തി അൻപത് രൂപ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബീനമോൾ.കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി / പ്രസിഡന്റ്, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്, കിളിമാനൂർ പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ